**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2164 — 22.01.2014 ന് മറുപടിയ്ക്ക്

## വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് കർമ്മ പരിപാടി

**ചോദ്യം**

ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ആർ.സെൽവരാജ്

(എ) വനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) വനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രധാനമായും താഴെപ്പറയുന്ന കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

1) വനമേഖലകളുടെ ജൈവ വൈവിധ്യ പ്രാധാന്യം കണക്കിലെടുത്ത് 2 കടുവാ സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, 15 വന്യജീവി സങ്കേതങ്ങൾ എന്നിവ പ്രഖ്യാപിച്ച്, അംഗീകരിച്ച മാനേജ്-മെന്റ് പ്ലാൻ പ്രകാരമുള്ള ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

2) വംശനാശ ഭീഷണി നേരിടുന്ന കടുവകളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതോടൊപ്പം മറ്റ് വന്യജീവികളുടേയും സംരക്ഷണം ഉറപ്പാക്കാനായി, പ്രോജക്ട് ടൈഗർ (Project Tiger) എന്ന പദ്ധതി പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളിൽ നടപ്പിലാക്കി വരുന്നു.

3) ആനകളുടെ വാസസ്ഥലങ്ങളായ ആനമുടി, പെരിയാർ, നിലമ്പൂർ, വയനാട് എന്നീ സ്ഥലങ്ങൾ എലിഫന്റ് റിസർവ്വുകളായി തിരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

4) വനമേഖലകളുടെ ജൈവ വൈവിധ്യവും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കുന്നതിനും, സുസ്ഥിര സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും വേണ്ടി UNESCO നടപ്പിലാക്കുന്ന Man & Biosphere പദ്ധതിയിൽ കേരളത്തിലെ നീലഗിരി, അഗസ്ത്യമല എന്നീ വനമേഖലകളെ ഉൾപ്പെടുത്തി, Biosphere റിസർവ്വുകൾ ആയി പ്രഖ്യാപിച്ച് വനമേഖലകളിലെ ജൈവ വൈവിധ്യം സംരക്ഷിച്ചു വരുന്നു.

5) ശാസ്ത്രീയമായ സമീപനത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും വന്യജീവി കണക്കെടുപ്പും സർവ്വേയും നടത്തിവരുന്നു.

6) വനങ്ങളിലെ ജൈവ വൈവിധ്യത്തെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് സംരക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.
7) വനമേഖലയിലെ ജൈവ വൈവിധ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ കാട്ടുതീ തടയാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
8) വനമേഖലയിലെ ജൈവ വൈവിദ്ധ്യസംരക്ഷണത്തിനുതകുന്ന ഗവേഷണങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
9) ജൈവ വൈവിധ്യസംരക്ഷണത്തിനായി തദ്ദേശവാസികളുടെ സഹകരണം ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ/വനസംരക്ഷണ സമിതികൾ മുഖേന ഉറപ്പാക്കുന്നു.
10) പൊതുജന പങ്കാളിത്തത്തോടെയുള്ള ജൈവ വൈവിദ്ധ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി വിദ്യാർത്ഥികൾക്കും, പ്രത്യേക ഗ്രൂപ്പുകൾക്കുമായി പ്രകൃതിപഠന ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ, വന്യജീവി വാരാഘോഷം തുടങ്ങിയവ നടപ്പിലാക്കി വരുന്നു.
11) ജൈവ വൈവിധ്യ സംരക്ഷണത്തിനെതിരെ പൊതുജന വികാരമുണർത്തുന്ന, വനം-വന്യജീവി സംഘർഷം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടിക വർഗ്ഗ വികസന വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, സർക്കാരേതര സ്ഥാപനങ്ങൾ/അംഗീകൃത വിദേശ ധനസഹായ ഏജൻസികൾ/മറ്റ് കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾ/വ്യക്തികൾ തുടങ്ങിയവരുടെയെല്ലാം സഹായത്തോടെയാണ് ഈ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(സി) ചോദ്യം (എ)യുടെ ഉത്തരത്തിൽ പരാമർശിച്ച എല്ലാ പ്രവർത്തനങ്ങളും വനം വകുപ്പ് വളരെ മുമ്പേ തന്നെ ആരംഭിച്ച് വനമേഖലകളിൽ നടപ്പിലാക്കി വരുന്നവയാണ്. ഇവയെല്ലാം തന്നെ ഇതേ വിധത്തിൽ ഭാവിയിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.